


# KERALA PRIVATE COLLEGE TEACHER

AKPCTA

121 AUGUST 1994

# എസ്. എൻ. ട്രസ്റ്റ് പടിക്കൽ ഉപവാസം



മാനദണ്ഡമനുസരിച്ച് സ്ഥലംമാററം നടത്തണമെന്നാവശ്യപ്പെട്ട് എ കെ പി സി ടി എ പ്രവർത്തകർ എസ് എൻ ട്രസ്റ്റ് ഓഫീസിനു മുമ്പിൽ ജൂലൈ 30ന് നടത്തിയ കൂട്ട ഉപവാസം കെ എസ് ടി എ മുൻ വൈസ് പ്രസിഡൻറ് ശ്രീ. പി. സോമനാഥൻ ഉദ്ഘാടനം ചെയ്യുന്നു.

# സെനററ് തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം


Kerala Private College Teacher

**August 1994**

**No. 121**

പത്രാധിപസമിതി

എഡിററർ

*വി. എൻ. മുരളി*

മാനേജിംഗ് എഡിററർ

*എ. പ്രതാപചന്ദ്രൻ നായർ*

അംഗങ്ങൾ

*എൽ. ജി. വർഗീസ്*

*കെ. സദാശിവൻ നായർ*

*പി.ജി.ചന്ദ്രശേഖരൻനായർ*

*സി. ജെ. ശിവശങ്കരൻ*

*ജെ. ചന്ദ്ര*

*ടി. എൻ. മനോഹരൻ*

*വി. രാജേന്ദ്രൻ നായർ*

*ജോണി. കെ. ജോൺ*

*കെ. സി. കുട്ടപ്പൻ നായർ*


സർവ്വകലാശാലാ ജനാധിപത്യം അട്ടിമറിക്കാൻ കൊണ്ടുവന്ന ''ഏകീകൃത സർവ്വകലാശാലാ നിയമ''ത്തിനെതിരെ എ കെ പി സി ടി എ—എ കെ ജി സി ടി സംഘടനകൾ നടത്തിവന്ന പോരാട്ടം അതിശക്തമായിരുന്നല്ലോ പതിവുപോലെ ചില കടലാസു സംഘടനകൾ, ഈ കരിനിയമത്തിന്റെ സ്തുതി പാഠകരായിരുന്നു. (അവരിന്ന് വെട്ടിൽ വീണിരിക്കയാണ്). തെരഞ്ഞെടുക്കപ്പെട്ട സമിതികളെ ഇല്ലായ്മ ചെയ്തുകൊണ്ട് കഴിഞ്ഞ ഒരുവർഷം കേരള-കാലിക്കട്ട് സർവ്വകലാശാലകളിൽ നടന്ന കാര്യങ്ങൾ ഇവിടെ വിവരിക്കേണ്ടതില്ല. ഏതായാലും സർക്കാരിനുതന്നെ ''ഏകീകൃതനിയമം'' പുറത്തെടുക്കാൻ വയ്യാത്ത അവസ്ഥയാണിപ്പോഴുണ്ടായിരിക്കുന്നത്. യൂണിവേഴ്സിററി ജനാധിപത്യം പുനഃസ്ഥാപിക്കണമെന്നുള്ള ശക്തമായ ബഹുജനാഭിപ്രായത്തിനു മുമ്പിൽ അവർക്ക് മുട്ടുമടക്കേണ്ടി വന്നിരിക്കയാണ്.

ഏകീകൃത സർവ്വകലാശാലാ നിയമം നിലവിൽ വരാൻ പോകുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകിയ നിർദ്ദേശത്തെ തുടർന്ന് സെനററ് തെരഞ്ഞെടുപ്പ് പൂർണ്ണമായും ഉപേക്ഷിക്കാൻ സർവ്വകലാശാലാ ഭരണാധികാരികൾ തയ്യാറായി. ഇതിനെതിരെ എ കെ പി സി ടി എ ബഹു: കേരള ഹൈക്കോടതിയിൽ കൊടുത്ത കേസിലുണ്ടായ സുപ്രധാന വിധിയെ തുടർന്നാണ് സെനററ് തെരഞ്ഞെടുപ്പ് നടത്താൻ സർവ്വകലാശാലാധികാരികൾ നിർബന്ധിതരായത്. ഭരണ മുന്നണിയിലെ തമ്മിലടി മൂലം എം.എൽ.എ.മാരുടെ മണ്ഡലത്തിൽനിന്ന് ഭരണകക്ഷി എം എൽ എ മാർക്ക് നിശ്ചിത സമയത്ത് നോമിനേഷൻ നൽകാൻ കഴിയാതെ പോയി. പ്രതിപക്ഷ എം എൽ എ മാർ മാത്രമേ നാമനിർദ്ദേശ പത്രിക നൽകിയിരുന്നുള്ളു. അവർ ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ ഫലപ്രഖ്യാപനത്തിനെതിരെ ശ്രീ. തിരുവഞ്ചിയൂർ രാധാകൃഷ്ണൻ ബഹു: ഹൈക്കോടതിയിൽ കൊടുത്ത കേസ് പ്രാരംഭവാദസമയത്തു തന്നെ ഉന്നത നീതിപീഠം തിരസ്ക്കരിക്കയുണ്ടായി. ഹൈക്കോടതിയിൽ കേസു കൊടുത്തതും അത് തിരസ്ക്കരിക്കപ്പെട്ടതുമായ വസ്തുത മറച്ചുവച്ചുകൊണ്ട്, സർവ്വകലാശാല പുറപ്പെടുവിച്ച തെരഞ്ഞെടുപ്പു വിജ്ഞാപനം അപൂർണ്ണമായിരു

ന്നെന്നും അക്കാരണത്താൽ നടത്തിയ തെരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും ചാൻസലറുടെ പ്രത്യേകാധികാരമുപയോഗിച്ച് റദ്ദാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. തിരുവഞ്ചിയൂർ രാധാകൃഷ്ണൻ നൽകിയ പരാതി രാഷ്ട്രീയ സമ്മർദ്ദത്തിന്റെ ഫലമായി ഗവർണർ/ചാൻസലർ അംഗീകരിച്ചു. ജനാധിപത്യ സംവിധാനത്തിലെ ഒരു കറുത്ത അധ്യായമായി അത് എന്നും ചരിത്രത്തിലവശേഷിക്കും. അന്നു നടത്തിയ തെരഞ്ഞെടുപ്പിൽ നാലു മണ്ഡലങ്ങളിൽ നിന്നുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം അപൂർണ്ണമായതിന്റെ പേരിൽ തള്ളിക്കളഞ്ഞ ചാൻസലർ ആരെയോ സംരക്ഷിക്കാനെന്ന് തോന്നുന്ന രീതിയിൽ അതേ വിജ്ഞാപനമനുസരിച്ച് നടത്തിയ മററു രണ്ടുമണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് ശരിവയ്ക്കുന്ന തികച്ചും അപഹാസ്യമായ നിലപാടാണ് സ്വീകരിച്ചത്.

കേരളത്തിലെ സ്വകാര്യ കോളേജദ്ധ്യാപകരുടേയും ഉന്നതവിദ്യാഭ്യാസ മേഖലയുടേയും സംശുദ്ധിയും പുരോഗതിയും ഉയർത്തിപ്പിടിക്കുന്നതിന് എക്കാലവും മുന്നിൽ നിന്നിട്ടുള്ള എകെപിസിടിഎയും എകെജിസിടിയും ചേർന്ന് നടത്തിയ പ്രക്ഷോഭ സമരങ്ങളുടേയും ആ സമരങ്ങൾക്ക് ആകെ ഈ രാജ്യത്തെ പുരോഗമന ശക്തികളെ അണിനിരത്താൻ കഴിഞ്ഞതിന്റെയും ഫലമായി സർക്കാർ ഉദ്ഘോഷിച്ചു നടന്നിരുന്ന ഏകീകൃതസർവകലാശാലാ നിയമം ഇന്ന് ശീതീകരണിയിലാണ്. ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണം എന്ന തത്വം പാടേ നിരാകരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സമിതികൾക്കു പകരം നാമനിർദേശം ചെയ്യപ്പെടുന്ന ആജ്ഞാനുവർത്തികളുടെ സമിതികൾ സൃഷ്ടിക്കുന്നതിനും പ്രോ ചാൻസലർ എന്ന പേരിൽ വിദ്യാഭ്യാസ മന്ത്രിക്ക് അമിതാധികാരം നൽകി സർവ്വകലാശാലകളെ സർക്കാരിന്റെ ഒരു വകുപ്പാക്കി അധഃപതിപ്പിച്ച് നോക്കുകുത്തികളാക്കുന്നതിനുമുള്ള ബോധപൂർവമായ നീക്കമാണ് ഏകീകൃത സർവകലാശാലാ നിയമത്തിലൂടെ സർക്കാർ നടത്തിനോക്കിയത്.

1964-66ൽ രൂപീകൃതമായ കോത്താരി കമ്മീഷന്റെ റിപ്പോർട്ട് 1968ൽ പാർലമെന്റ് ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസ നയമായി അംഗീകരിക്കയുണ്ടായി. ആ കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായ മോഡൽ ആക്ട് കമ്മററി റിപ്പോർട്ടിന്റെയും ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഭരണസംവിധാനത്തെപ്പററി പഠിക്കാൻ നിയുക്തമായ ജസ്ററീസ് ഗജേന്ദ്ര ഗാഡ്ക്കർ കമ്മററി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇന്ത്യയിലാദ്യമായി ജനാധിപത്യവൽക്കരിക്കപ്പെട്ട സ്വയംഭരണം എന്ന തത്വം അംഗീകരിച്ചുകൊണ്ടും സ്വകാര്യ കോളേജദ്ധ്യാപകർക്ക് ഭാരതത്തിലാദ്യമായി നിയമാധിഷ്ഠിത സേവന ഭദ്രത നൽകാൻ നിയമത്തിൽത്തന്നെ വ്യവസ്ഥകളുൾക്കൊള്ളിച്ചുകൊണ്ടും ഇന്ത്യയിലെമ്പാടും ഒരു മാതൃകാ നിയമ നിർമ്മാണമായി അംഗീകരിക്കപ്പെട്ടതാണ് കേരള സർവകലാശാല നിയമം. ഈ നിയമത്തിന്റെ ഒരു പകർപ്പുതന്നെയാണ് കാലിക്കട്ട് സർവകലാശാല നിയമം. പുരോഗമനപരമായ ഈ നിയമനിർമ്മാണം എ കെ പി സി ടി എയുടെ നേതൃത്വത്തിൽ നടന്ന രണ്ടു പതിററാണ്ടു കാലത്തെ സുദീർഘങ്ങളായ സമരങ്ങളുടെ ഫലമായിരുന്നു. ഇന്ന് കേരളത്തിലെ സ്വകാര്യ കോളേജധ്യാപകരനുഭവിക്കുന്ന നിയമാധിഷ്ഠിത സേവന ഭദ്രത നിലനിൽക്കുന്നത് ആ നിയമം നടപ്പാക്കുന്ന സർവകലാശാലകളുടെ ഭരണ സമിതികളിൽ അധ്യാപക താൽപര്യം സംരക്ഷിക്കാൻ പ്രതിജ്ഞാ ബദ്ധരായ അധ്യാപക പ്രതിനിധികൾ ഉണ്ടായിരുന്നു എന്നതുകൊണ്ടു തന്നെയാണ്.

ഇപ്പോൾ എ കെ പി സി ടി എ യുടേയും എ കെ ജി സി ടി യുടേയും നേതൃത്വത്തിൽ നടത്തിയ സമരങ്ങളുടെ ഫലമായിട്ടും ഈ സമരങ്ങൾക്ക് നേടിയെടുക്കാൻ കഴിഞ്ഞ ബഹുജന പിൻതുണയുടെ ഫലമായിട്ടും സർവകലാശാലാസമിതികളിലേക്കു തെരഞ്ഞെടുപ്പു നടത്താനുള്ള നിർദ്ദേശം നൽകാൻ സർക്കാർ നിർബന്ധിതമായിരിക്കയാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക നോട്ടിഫിക്കേഷൻ കേരള സർവകലാശാല പുറപ്പെടുവിച്ചു കഴിഞ്ഞു.

തെരഞ്ഞെടുപ്പു വരുമ്പോൾ ചളിതവേഷധാരികളായ പൂതനമാർ രംഗത്തുവരുന്നത് മുമ്പും നമ്മൾ കണ്ടിട്ടുള്ളതാണ്. വോട്ടേഴ്സ് ലിസ്ററ് തയ്യാറാക്കി തുടങ്ങിയപ്പോൾതന്നെ ഇവരിൽ പലരും രംഗത്തെത്തിക്കഴിഞ്ഞു. മാനേജ്മെന്റിന്റെ പ്രതിനിധിയെ സിൻഡിക്കേററിലെത്തിക്കുക എന്ന ലക്ഷ്യംമാത്രം മുൻനിർത്തി പ്രവർത്തിക്കുന്ന ഡി. സി. എസ്. എയും, കോർപ്പറേററ് മാനേജ്മെന്റുകളിലെ

(ശേഷം 33-ാം പേജിൽ)

### ഒന്നാം വർഷ പ്രീഡിഗ്രി പരീക്ഷ–ഒരു ചർച്ച

# വികലമായ പരിഷ്കാരം

ആർ. മോഹനകുമാർ

സെക്രട്ടറി, എ കെ പി സി ടി എ

സർവകലാശാലാ വിദ്യാഭ്യാസരംഗം വീണ്ടും വിവാദം ക്ഷണിച്ചുവരുത്തിയിരിക്കുന്നു. ഒന്നാം വർഷ പ്രീഡിഗ്രി പരീക്ഷകൾ നിർത്തലാക്കാനുള്ള തീരുമാനമാണ് ഇതിനു വഴിമരുന്നിട്ടത്. അവധാനപൂർണ്ണമായ സമീപനവും സമഗ്രമായ ചർച്ചയും ഇത്തരം തീരുമാനത്തിനു പിന്നിലുണ്ടായിരുന്നോ എന്ന അന്വേഷണം ഈ തീരുമാനത്തിലെ യുക്തിരാഹിത്യം വെളിപ്പെടുത്തുന്നു.

സർവകലാശാലാരംഗത്ത് പ്രീഡിഗ്രി സംവിധാനം നിലവിൽവന്നശേഷം 1972 വരെ ഒന്നാംവർഷംതന്നെ പരീക്ഷകൾ നടന്നിരുന്നില്ല. ഒന്നും രണ്ടും വർഷത്തെ പാഠ്യഭാഗങ്ങളെ അധികരിച്ച് രണ്ടാണ്ടുകൾക്കുമായി പ്രത്യേകം പരീക്ഷകൾ രണ്ടാംവർഷാന്ത്യത്തിലാണ് നടത്തിയിരുന്നത്. സ്കൂളിൽനിന്നും കോളേജിലേയ്ക്ക് കടന്നുവരുമ്പോൾ പഠനക്രമത്തിലുണ്ടാകുന്ന ഘടനാവ്യതിയാനവുമായി സ്വയം പൊരുത്തപ്പെടേണ്ട ഗൗരവതരമായ ഘട്ടമാണ് പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ ആദ്യവർഷം. ആയാസകരമായ ഈ ഘട്ടത്തെ വിജയകരമായി തരണം ചെയ്യാൻ ശ്രമിക്കാതെ, അലസരാകുവാനും ക്ലാസ്മുറികളിൽനിന്ന് സ്വയം അകന്നുനിൽക്കുവാനും ഒന്നാംവർഷ പരീക്ഷകളുടെ അഭാവം വിദ്യാർത്ഥികൾക്കിടനൽകി. ഈ പ്രതിഭാസത്തിൽനിന്നുമുള്ള ഗുണകരമായ മാറ്റം പ്രതീക്ഷിച്ചുകൊണ്ടാണ് 1973ൽ ഒന്നാംവർഷ പ്രീഡിഗ്രി പരീക്ഷകൾ തുടങ്ങാൻ സർവകലാശാലകൾ തീരുമാനമെടുത്തത്. സർവകലാശാലാ വിദ്യാഭ്യാസരംഗത്തെക്കുറിച്ച് എന്തൊക്കെ വിമർശനങ്ങളുണ്ടായാലും ഒന്നാംവർഷ പ്രീഡിഗ്രി പരീക്ഷകളുടെ സാന്നിദ്ധ്യം അതിന്റേതായ മേന്മകൾ കൈവരുത്തുന്നുണ്ട്. ലളിതമായ ഈ വസ്തുത മുന്നിൽ വച്ചുകൊണ്ടുമാത്രമേ, ഒന്നാംവർഷ പ്രീഡിഗ്രി പരീക്ഷ നിർത്തുവാനുള്ള തീരുമാനത്തിന്റെ ഗുണദോഷങ്ങൾ വിശകലനം ചെയ്യാനാവൂ.

സർവകലാശാലകളുടെ ജോലിഭാരം ലഘൂകരിക്കാൻ വേണ്ടിയാണ് പരീക്ഷ നിർത്തലാക്കിയതെന്നാണ് സർവകലാശാലാധികൃതരുടെ ഏകന്യായം.. ഇതിൽക്കവിഞ്ഞൊരു നേട്ടവും അവർപോലും ഈ തീരുമാനംകൊണ്ട് പ്രതീക്ഷിക്കുന്നില്ല. നാടിന്റെ വികസനത്തിനാവശ്യമായ പാഠ്യപദ്ധതികൾ ആവിഷ്കരിക്കുകയും പരീക്ഷകൾ ഭംഗിയായി നടത്തുകയുംചെയ്യുകയെന്നത് സർവകലാശാലകളുടെ പ്രാഥമിക ധർമ്മമാണ്. ഈ ധർമ്മം സ്വയം ഉപേക്ഷിക്കുവാനുള്ള വിലക്ഷണതീരുമാനം വിവേകശൂന്യത മാത്രമല്ല ചരിത്രത്തിനു പുറംതിരിഞ്ഞു നിൽക്കൽകൂടിയാണ്.

പ്രീഡിഗ്രിയുടെ ആദ്യംവർഷംതന്നെ പരീക്ഷകൾ നടത്തുന്നില്ലെന്നതു മാത്രമല്ല ഗൗരവമായ പ്രശ്നം. പ്രവേശനപരീക്ഷകൾവഴിയെത്തുന്ന പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തൊഴികെ തുടർവിദ്യാഭ്യാസരംഗത്ത് പ്രവേശനം ലഭിക്കാൻ പരിഗണിക്കപ്പെടുന്ന പ്രീഡിഗ്രി മാർക്ക് രണ്ടാംവർഷ പാഠ്യഭാഗങ്ങളെ മാത്രം അധികരിച്ചുള്ളവയാണ്. ഒന്നാംവർഷംമുതൽതന്നെ രണ്ടാംവർഷ പാഠഭാഗങ്ങൾ പഠിച്ചുതുടങ്ങുവാനും സിലബസിന്റെ പകുതിയോളം വരുന്ന ആദ്യവർഷ പാഠഭാഗങ്ങളെ അലസമായി സമീപിക്കുവാനും ശരാശരി വിദ്യാർത്ഥിക്ക്

പ്രേരണയാകാൻ, ഇതിടവരുത്തും. അങ്ങനെ, ജ്ഞാനദാരിദ്യമനുഭവിക്കുന്ന "വിദ്യാസമ്പന്നരുടെ" പുതിയ തലമുറയെ സൃഷ്ടിക്കുക എന്ന കൊടുംപാതകമാണ് ഈ "പരീക്ഷാഘാതകർ" ചെയ്തുകൂട്ടുന്നത്. ഒന്നാംവർഷ പരീക്ഷകൾ കോളേജുകളിൽത്തന്നെ നടത്തി ക്ലാസ്-കയററം കൊടുക്കുക എന്ന തീരുമാനം മേൽപറഞ്ഞ ദുർവസ്ഥയ്ക്കു പരിഹാരമാകുമോ? ഇല്ല എന്നതായിരിക്കും പൊതുവേ ലഭിക്കുന്ന ഉത്തരം. എങ്കിൽ എന്താണ് ഇതിന് ബദൽ. ഇത്തരമൊരു ആലോചനയാണ് ആദ്യമുണ്ടാകേണ്ടത്. വിദ്യാഭ്യാസരംഗത്തെ അടിസ്ഥാനഘടകങ്ങളായ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, സർവ്വോപരി ഈ രംഗത്ത് സവിശേഷ താല്പര്യം പ്രകടിപ്പിക്കുന്ന പ്രഗത്ഭമതികൾ തുടങ്ങിയവരുടെ അഭിപ്രായം ആരായണം. അതിനുശേഷംവേണം പരിഷ്കരണത്തെക്കുറിച്ച് തീരുമാനിക്കേണ്ടതും നടപ്പാക്കേണ്ടതും.

ഒന്നാം വർഷ പ്രീഡിഗ്രി പരീക്ഷ നിർത്തലാക്കുമ്പോഴുണ്ടാകുന്നപരീക്ഷാസംബന്ധിയായ പ്രതിസന്ധി പരിഹരിക്കാൻ കണ്ടെത്തിയ കുറുക്കുവഴിയാണ് പ്രീഡിഗ്രിതലത്തിൽ സിബിഎസ്ഇ (CBSE) സിലിബസ് നടപ്പിലാക്കൽ. പല കാരണങ്ങൾകൊണ്ടും ഈ കണ്ടെത്തൽ അശാസ്ത്രീയമാണെന്ന് പറയേണ്ടിവരും. പ്രീഡിഗ്രി പഠനത്തിന് തയ്യാറാക്കപ്പെട്ട സിലബസ്, '10 + 2 + 3' സംവിധാനമനുസരിച്ച് സംസ്ഥാനത്തു നിലനിൽക്കുന്ന പത്താം ക്ലാസുവരെയുള്ള സിലബസിന്റെ ശാസ്ത്രീയമായ തുടർച്ചയാണ്. CBSE പ്രകാരമുള്ള 11, 12 ക്ലാസുകളിലെ സിലബസ് സംസ്ഥാനത്തു നിലനിൽക്കുന്ന പത്താം ക്ലാസ് സിലബസിന്റെ (ചില വിഷയങ്ങളൊഴികെ) തുടർച്ചയല്ല. CBSE പാഠ്യപദ്ധതിയനുസരിച്ച് പത്തുവരെ പഠനം നടത്തിവരുന്നവർക്കുമാത്രം പ്രയോജനം ലഭിക്കുന്നതാണ് ഈ സിലബസ് പരിഷ്ക്കരണം. കഴിഞ്ഞ വർഷം ഗവൺമെന്റു സ്കൂളുകളിൽനിന്ന് 1.79 ലക്ഷവും എയിഡഡ് പ്രൈവററ് സ്കൂളുകളിൽനിന്ന് 2 45 ലക്ഷവും റഗുലർ വിദ്യാർത്ഥികൾ SSLC പരീക്ഷ എഴുതിയപ്പോൾ പതിനോരായിരത്തിനു താഴെമാത്രം വിദ്യാർത്ഥികളാണ് CBSEയും അതുപോലെ മററു സിലബസും നിലനിൽക്കുന്ന അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് പത്താംതരത്തിൽ പരീക്ഷക്കിരുന്നത്. രണ്ടാം വിഭാഗത്തിൽപ്പെടുന്നവർ കേവലം മൂന്നു ശതമാനംമാത്രം. വരേണ്യവിഭാഗമായ ഈ മൂന്നു ശതമാനത്തിനുമാത്രം പ്രയോജനംചെയ്യുന്നതും സാമാന്യജനവിഭാഗത്തിൽപ്പെടുന്ന 97 ശതമാനത്തിനു പ്രതികൂലമായി ഭവിക്കുന്നതുമാണ് ഇപ്പോൾ നടത്തുന്ന ഈ പരിഷ്ക്കരണം. ഇക്കാരണങ്ങൾകൊണ്ട് സിലബസ് ഒരിക്കലും പരിഷ്ക്കരിച്ചുകൂടെന്ന നിലപാട് എടുക്കുന്നതും ശരിയല്ല. പരിഷ്കരണം വേണം. എന്നാൽ അത് സമഗ്രമാകണം.

ഉന്നത വിദ്യാഭ്യാസരംഗത്തെയും പൊതുവിദ്യാഭ്യാസരംഗത്തെയും പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുനടക്കുന്ന ശാസ്ത്രീയമായ പരിഷ്ക്കരണത്തിന്റെ ഭാഗമായി മാത്രമേ സിലബസും പരിഷ്കരിക്കാനാവൂ. അതിന് ചില കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടിവരും. കേരളത്തിൽ നിലനിൽക്കുന്ന പ്രീഡിഗ്രി വിദ്യാഭ്യാസം, ഡിഗ്രി വിദ്യാഭ്യാസത്തിന്റെ തയ്യാറെടുപ്പിനുള്ള പ്രാഥമികപഠനമാണ്. സ്കൂളുകളിൽ നിലനിൽക്കുന്ന +2 പഠനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ 'ടെർമിനൽ' ഘട്ടവും. അതുകൊണ്ടുതന്നെ ഇവയുടെ സിലബസ്സുകൾ ഒന്നാവുക അസാദ്ധ്യമാണ്. ഇവ ഒന്നായാൽ ഒരേ തരത്തിലുള്ള സമാന്തര വിദ്യാഭ്യാസം അനന്തമായി തുടരാൻ ഇടയാക്കും. ഇത് ഉന്നത വിദ്യാഭ്യാസരംഗത്തും സ്കൂൾവിദ്യാഭ്യാസരംഗത്തുമുണ്ടാകേണ്ടുന്ന ഗുണപരമായ വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കും. ഇരു രംഗത്തെയും വളർച്ചയ്ക്ക് ഘടനാപരമായ മാററമാണ് ആവശ്യം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാഥമികഘട്ടം മുതൽതന്നെ സിലബസ് ശാസ്ത്രീയമായി പരിഷ്കരിക്കുകയും അതിനു തുടർച്ചയായി സെക്കണ്ടറി, ഹയർസെക്കണ്ടറി മേഖലകളിലേയ്ക്ക് പരിഷ്കരണം വ്യാപിപ്പിക്കുകയും വേണം. +2 ഘട്ടം പുഷ്ടിപ്പെടുത്തി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ടെർമിനൽ ഘട്ടമായിനിലനിർത്തണം. ഇതിന്റെ ഫലമായി സ്കൂൾ വിദ്യാഭ്യാസം പന്ത്രണ്ടാം ക്ലാസ്സുവരെയാകുകയും, പ്രീഡിഗ്രി പാരലൽ വിദ്യാഭ്യാസത്തിന്റെ സമ്മർദ്ദത്തിൽനിന്ന് സർവ്വകലാശാലകൾ വിമുക്തമാകുകയും ചെയ്യും. +2 വിദ്യാഭ്യാസം സ്കൂളുകളിൽ പുഷ്ടിപ്പെടുത്തുന്നതോടൊ

പ്പം കോളേജുകളിൽ നിലനിൽക്കുന്ന പ്രീഡിഗ്രി ക്ലാസുകൾ ഘട്ടംഘട്ടമായി കുറച്ച് കൊണ്ടുവരികയും ക്രമാനുഗതമായി പ്രീഡിഗ്രി ക്ലാസ്സുകൾ കോളേജുകളിൽ ഇല്ലാതാകാൻ അനുവദിക്കുകയും വേണം. സ്കൂൾ വിദ്യാഭ്യാസമേഖലയിലും ഉന്നതവിദ്യാഭ്യാസമേഖലയിലും ഒരേ സമയം നടക്കേണ്ടതാണ് ഈ മാററം. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തു നിലനിൽക്കുന്ന സവിശേഷമായ സാഹചര്യം നിമിത്തം ദീർഘകാലാടിസ്ഥാനത്തിൽ മാത്രമേ ഈ മാററം നടപ്പിലാക്കാനാകൂ. ഇതിനാവശ്യമായ സമയബന്ധിത പരിപാടി ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുകയാണ് യുക്തി ഭദ്രമായ പരിഷ്കാരം. അതുകൊണ്ട്, ഒന്നാം വർഷ പ്രീഡിഗ്രി പരീക്ഷ നിർത്തലാക്കാനുള്ള തീരുമാനം തൽക്കാലം ഉപേക്ഷിക്കുകയും ധൃതിപിടിച്ച സിലബസ് പരിഷ്ക്കരണം ഇപ്പോൾ നിർത്തി വയ്ക്കുകയും പരിഷ്കാരങ്ങൾക്കാവശ്യമായ ശാസ്ത്രീയ പഠനം തുടങ്ങുകയുമാണ് വേണ്ടത്.

നടപടിക്രമങ്ങളനുസരിച്ച് സംഘടിപ്പിച്ചിട്ടുള്ള യൂണിവേഴ്സിററി സമിതികളുടെ അംഗീകാരം നേടിയിട്ടാണോ പരിഷ്ക്കാരങ്ങൾക്കിറങ്ങിപ്പുറപ്പെട്ടിട്ടുള്ളത് എന്ന നിയമപരമായ പ്രശ്നത്തെക്കുറിച്ചുള്ള ചർച്ചയിലേയ്ക്കു കടക്കുന്നില്ല. ജനാധിപത്യക്രമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളില്ലാത്ത അക്കാഡമിക് കൗൺസിലിനെക്കൊണ്ട്, യാതൊരു ചർച്ചയുംകൂടാതെ, അംഗീകരിപ്പിച്ചാണ് ഈ പരിഷ്ക്കരണപ്രക്രിയക്ക് തുടക്കമിട്ടതുതന്നെ എന്നു പറഞ്ഞുവയ്ക്കുകമാത്രം ചെയ്യുന്നു. സർവകലാശാലാ നിയമാതീതമായ ചില ന്യൂക്ളിയസുകളിൽ തീരുമാനമെടുക്കുക, കുറുക്കുവഴിയിലൂടെ അതു നടപ്പാക്കുക, അവ വിദ്യാഭ്യാസരംഗത്തും സാമൂഹ്യരംഗത്തും വരുത്തുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ലവലേശം ആശങ്ക യില്ലാതിരിക്കുക—ഇത് എൺപതാംറിലുണ്ടായിരുന്ന അതേ രോഗംതന്നെയാണ്. ഏകീകൃത യൂണിവേഴ്സിററി നിയമത്തിന്റെ രൂപത്തിൽ, പ്രീഡിഗ്രി പരീക്ഷ നിർത്തലാക്കുന്നതിന്റെ രൂപത്തിൽ, അൺഎയ്ഡഡ് കോളേജ് തുടങ്ങുന്നതിന്റെ രൂപത്തിൽ, ആട്ടോണമസ് കോളേജുകൾ അനുവദിക്കുന്നതിന്റെ രൂപത്തിൽ ഒക്കെ ഈ രോഗത്തിൻറ വസൂരിക്കുത്തുകൾ ഉന്നത വിദ്യാഗാത്രത്തിൽ പ്രത്യക്ഷപ്പെടുന്നു. പ്രതിക്രിയയ്ക്ക് കാലം കാത്തിരിക്കുകയാണ്. □

---

## അറിയിപ്പുകൾ

**ഐക്യസമരസമിതി** ആഗസ്ററ് 17നു തിരുവനന്തപുരത്തുകൂടി. ബോണസ്, ക്ഷാമബത്ത തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഐക്യസമരസമിതിയുടെ നേതൃത്വത്തിൽ ആഗസ്ററ് 31ന് 10 മുതൽ 5വരെ സെക്രട്ടറിയേററ് നടയിൽ സംസ്ഥാന നേതാക്കൾ ഉപവാസം അനുഷ്ഠിക്കും. അന്നേ ദിവസം ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ നടക്കുന്ന ഉപവാസ സമരങ്ങളിൽ കോളേജദ്ധ്യാപകർ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സേവ്എഡ്യുക്കേഷൻകമ്മററി**യുടെ നേതൃത്വത്തിൽ സെപ്തംബർ 5 വിദ്യാഭ്യാസ സംരക്ഷണ ദിനമായി ആചരിക്കുന്നു. അന്ന് മുഴുവൻ ജീവനക്കാരും ബാഡ്ജ് ധരിച്ച് ജില്ലാകേന്ദ്രങ്ങളിൽ 10 മുതൽ 5വരെ നടക്കുന്ന ധർണയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആഗസ്ററ് 11ന് തിരുവനന്തപുരത്തുകൂടിയ സംസ്ഥാന കൺവെൻഷനിലാണ് സെപ്തംബർ 5 വിദ്യാഭ്യാസ സംരക്ഷണദിനമായി ആചരിക്കാൻ തീരുമാനിച്ചത്.

**ഐഫക്ടോ:** ആഗസ്ററ് 31നു ബ്രാഞ്ചുയോഗംകൂടുകയും അടുത്ത യു. ജി. സി. ശമ്പളപരിഷ്ക്കരണം നടത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട് ടെലഗ്രാം അടിക്കുകയും വേണം.

കെ. പ്രഭാകരൻനായർ

# വാക്കുകൾക്ക് പുതിയ അർഥങ്ങൾ

സ്വാശ്രയത്വവും സ്വയംപര്യാപ്തതയും സ്വാതന്ത്ര്യ സമരകാലത്തെ മുദ്രാവാക്യങ്ങളായിരുന്നു. നാൽപത്തേഴ് കൊല്ലങ്ങൾക്കുശേഷം നമ്മുടെ ആസ്തി ബാധ്യതകളും സാമ്പത്തികനയവും ലോകബാങ്കും ഗാട്ടും തീരുമാനിക്കുന്നു. വൻതോതിൽ വായ്പ വാങ്ങുന്നതുപോലും നേട്ടമായി പ്രകീർത്തിക്കപ്പെടുകയാണ്. എങ്കിലും മറ്റൊരു രംഗത്ത് നാം സ്വാശ്രയത്വം കൈവരിച്ചുകഴിഞ്ഞു. വിദ്യാഭ്യാസത്തിൽ.

സ്വാശ്രയ കോളേജ്—കൊള്ളാം, ഇമ്പമുള്ള പദം. പക്ഷേ സ്വാശ്രയത്വം എന്നാൽ കോഴ എന്നാണർഥം. അതുകൊണ്ട് സാധാരണക്കാരുടെ ഭാഷയിൽ ഇവ കോഴക്കോളേജുകൾ എന്നാണറിയപ്പെടുന്നത്. ഇവിടെ വിദ്യാർഥി പ്രവേശനത്തിന് 'സാമ്പത്തിക മാനദണ്ഡ'മാണ് സ്വീകരിച്ചിരിക്കുന്നത്. ഒരു കണക്കിന് സാമ്പത്തിക സംവരണം തന്നെ. തലവരിയും സംഭാവനയുമൊക്കെ സുപ്രീം കോടതി നിരോധിച്ചിരിക്കുമ്പോൾ ഇതെങ്ങിനെ സാധിക്കുന്നു? നമ്മുടെ ബുദ്ധി രാക്ഷസർ ഏത് വ്യവസ്ഥയേയും മറികടക്കാനുള്ള പഴുതുകൾ കണ്ടെത്തും. അവരുടെ തലയിലുദിച്ചതാണ്, റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്ന ആശയം. അഡ്മിഷൻ കാലം നിക്ഷേപ സമാഹരണമാസമാക്കുക.

പ്രവേശനം ലഭിക്കുമ്പോൾ വിദ്യാർഥി വെറും ഒരു ലക്ഷം രൂപ കോളേജിനു നിക്ഷേപമായി നൽകുന്നു. (ഭീമമായ ഫീസ് വേറെ) പിരിഞ്ഞു പോകുമ്പോൾ ഇത് തിരികെ വാങ്ങാം. ചില തേക്ക് പരസ്യങ്ങൾ കാണാറുണ്ടല്ലോ—ആയിരം രൂപാ അടച്ച് പത്ത് തേക്കിൻതൈകൾ നേടുക. പത്തുകൊല്ലത്തിനുശേഷം പണം തിരികെ കിട്ടുന്നു. തേക്ക്—ഇപ്പോൾ മരങ്ങൾ—മിച്ചവും. അതുപോലെ ഒരേർപാട്.

ഇതിന്റെ സാമ്പത്തിക വശം പരിശോധിക്കാം. 200 സീറ്റ് ഉണ്ടെന്നുവയ്ക്കുക. അപ്പോൾ രണ്ടുകോടി രൂപാ ആദ്യവർഷം. നാലു കൊല്ലംകൊണ്ട് എട്ട് കോടി. അഞ്ചാം കൊല്ലം കിട്ടുന്ന തുക കൊണ്ട് റീഫണ്ട്-മിക്കവാറും ഉണ്ടാവില്ല- നടത്താം. അപ്പോഴേക്കും സീറ്റ് വർദ്ധിച്ചിരിക്കും; നിക്ഷേപം വീണ്ടും വീർക്കും.

ഇത് സംഭാവനയാണോ? അല്ല: തലവരിയാണോ? അല്ല. നിയമവിരുദ്ധമായി ഒന്നും ഇതിലില്ല!

ഇനി എന്തെങ്കിലും നിയമ പ്രശ്നം കുത്തിപ്പൊക്കിയാൽ വേറെ ഒഴിവുകഴിവുകളുണ്ട്. സ്വാശ്രയകോളേജുകൾ നടത്തുന്നത് ഇൻസ്റ്റിട്യൂട്ട് ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഇൻ ഇലക്ട്രോണിക്സ് (IHRDE), ലാൽബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി (LBSCST) എന്ന രണ്ട് സ്ഥാപനങ്ങളാണ്. ഇവയുടെ ഘടനയെക്കുറിച്ച് പൊതുജനങ്ങൾക്ക് ഒരു രൂപവുമില്ല. കംപ്യൂട്ടർ സയൻസിലും മറ്റും ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന അർധ ഗവൺമെന്റ് സ്ഥാപനങ്ങളായാണ് ഇവ ആവിർഭവിച്ചത്. ചില റിട്ടയഡ് ഉദ്യോഗസ്ഥരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർവീസിലുള്ളവരും ഇവയിൽ ജോലി ചെയ്യുന്നു. ഒരു സുപ്രഭാതത്തിൽ ഇവ മാനേജ്മെന്റുകളാവുകയാണ്. അങ്ങിനെ സർക്കാരിൽ നിന്ന് ധനസഹായവും പൊതുജനങ്ങളിൽ നിന്ന് കോഴയും വാങ്ങാനുള്ള ലൈസൻസ് നേടുന്നു.

ഈ മാനേജ്മെന്റുകൾ പ്രൈവറ്റാണോ? അല്ല. ഗവൺമെന്റാണോ? അല്ല. എന്നാൽ ആവശ്യാനുസരണം ഇവയിലേതെങ്കിലുമോ രണ്ടും

കൂടിയായി ആയി വ്യാഖ്യാനിക്കപ്പെടാം. നപുംസകത്വത്തിന്റെ പുതിയ മാനങ്ങൾ കാണുക.

കോഴക്കെതിരെയുള്ള സുപ്രീം കോടതി വിധിയിൽ പ്രൈവറ്റ് കോളേജുകളെയാണ് പരാമർശിച്ചിരിക്കുന്നത്. IHRDE—LBSCST കോളേജുകൾ അക്കൂട്ടത്തിൽ പെടുന്നില്ല. ഇനി ഗവൺമെന്റ് കോളേജുകൾക്കുകൂടി ബാധകമാക്കിയാലും രക്ഷയില്ല. പരമോന്നത നീതി പീഠത്തെ പോലും വെട്ടിലാക്കിയ ഈ സംവിധാനം കണ്ടെത്തിയവർക്ക് എന്തെങ്കിലും അവാർഡ് കൊടുക്കേണ്ടതാണ്.

മാനേജ്മെന്റ് സീറ്റുകളിലേക്ക് റാങ്ക് ലിസ്റ്റ് അനുസരിച്ച് അപേക്ഷകരെ എടുക്കണം എന്ന് കോടതി നിർദേശിക്കുന്നു. ഇക്കാരത്തിലും ബുദ്ധിമുട്ടില്ല. 12000 വിദ്യാർഥികൾ പ്രവേശന പരീക്ഷ എഴുതുന്നു എന്നിരിക്കട്ടെ. ഇവർ മുഴുവനും ഉൾപെട്ട സമ്പൂർണ റാങ്ക്‌ലിസ്റ്റ് വരുന്നു. അതിൽ നിന്ന് ഇഷ്ടമുള്ളവരെ എടുക്കുന്നു. എന്താ പോരേ ?

ഏറ്റവുമൊടുവിൽ മലപ്പുറത്ത് എം ഇ എസ് ന് ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ അനുവാദം കൊടുത്തിരിക്കുന്നു. അൻപതുശതമാനം സീറ്റിലേക്ക് മുസ്ലീം അപേക്ഷകരെ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം വന്നു കഴിഞ്ഞു. ഇവർക്കുള്ള പ്രവേശനപരീക്ഷ കോളേജ് തന്നെ നടത്തുമത്രെ.

'പരാശ്രയ' കോളേജുകളുടെ കാര്യമോ? അതായത് അധ്യാപകശമ്പളമുൾപടെ മുഴുവൻ ചെലവും സർക്കാർ വഹിക്കുന്ന പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകൾ. ഇവയ്ക്ക് ന്യൂനപക്ഷ പദവി നൽകാനാവില്ലെന്നു ഗവൺമെന്റ് കഴിഞ്ഞകൊല്ലം സുപ്രീം കോടതിയിൽ ബോധിപ്പിച്ചതാണ്. അപ്പോൾ മാനേജ്മെന്റ് ക്വാട്ടായിൽ 50 ശതമാനം സീറ്റ് അവകാശപ്പെടാനാവില്ല. എങ്കിലും ഡയറക്ട് പേമെന്റ് വ്യവസ്ഥയനുസരിച്ച് 15 ശതമാനം സീറ്റ് അനുവദിക്കാമെന്ന് കോടതി അഭിപ്രായപ്പെട്ടു. അപ്പോഴേക്കും കോളേജുകൾ അൻപത് ശതമാനം കച്ചവടം ചെയ്തുകഴിഞ്ഞിരുന്നു. പൊതുസീറ്റുകൾക്ക് വന്ന കുറവ് നികത്തിയത് സീറ്റ് 'വർധനയിലൂടെയാണ്. അനധികൃതമായി കുറെ സീറ്റ് മാനേജ്മെന്റുകൾ കൈക്കലാക്കി എന്നർഥം.

ഇപ്പോൾ ഗവൺമെന്റ് വീണ്ടും ചുവടു മാറ്റിയിരിക്കയാണ്. ന്യൂനപക്ഷങ്ങൾ സ്ഥാപിച്ചു എന്ന കാരണം കൊണ്ട് ഇവയ്ക്ക് ന്യൂനപക്ഷപദവി നൽകാമത്രെ. ഇനി ഒരു കോളേജിന് ന്യൂനപക്ഷസമുദായത്തിൽപെട്ട ഒരാൾ തറക്കല്ലിട്ടാൽ മതി, അത് ന്യൂനപക്ഷസ്ഥാപനമാവും! ഇങ്ങിനെ തരം പോലെ മാറി മാറി വ്യാഖ്യാനിക്കാവുന്നതാണോ ഭരണഘടന?

കേരളം വീണ്ടും പുരോഗമിക്കുന്നു. പൊതു വിദ്യാഭ്യാസത്തിലേക്കു കൂടി സ്വാശ്രയ—അൺ എയിഡഡ് വെള്ളപ്പൊക്കം വ്യാപിക്കയാണ്. ഇക്കൊല്ലം 24 പുതിയ കോളേജുകൾ തുടങ്ങുന്നു എന്ന് കേഴ്‌വി. ഭൂരിപക്ഷവും മേൽപറഞ്ഞ വിഭാഗത്തിൽ. യൂണിവേഴ്‌സിറ്റി നിയമങ്ങളെയെല്ലാം കാറ്റിൽ പറത്തികൊണ്ടാണ് ഈ നടപടി. എന്തിനാണ് പുതിയ കോളേജുകൾ എന്ന ചോദ്യത്തിന് സ്ഥിരമായ മറുപടിയുണ്ട്. പ്രാദേശികാവശ്യം. സ്വകാര്യ മാനേജുമെന്റുകളുടെ ആവശ്യം എന്നാണ് അർഥം. വിവിധജാതി സംഘടനകൾക്ക് ഇവ എങ്ങിനെ വീതിക്കും എന്ന പ്രശ്നമേ സർക്കാരിനുള്ളൂ.

പണ്ട് ജന്മിമാരുടെ പ്രതാപം സൂചിപ്പിച്ചിരുന്നത് തൊഴുത്തിലെ കാളകളുടെ എണ്ണം കൊണ്ടായിരുന്നു. ഇന്ന് സമുദായങ്ങളുടെ സ്വാധീനശക്തി കോളേജുകളുടെ എണ്ണം കൊണ്ട് അളക്കുന്നു. അപ്പോൾ ഈ 'പുതിയ വഹ' കിട്ടാൻ നല്ല കടിപിടിയുണ്ടാവും. വരുമാനവും കൂടുതലാണല്ലോ.

ഡയറക്ട് പേമെന്റ് നടപ്പാക്കിയ 1972 മുതൽ പത്ത് കൊല്ലത്തേക്ക് പുതിയ കോളേജുകളൊന്നും അനുവദിക്കയുണ്ടായില്ല. ഈ കാലഘട്ടത്തിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം സ്തംഭിച്ചിട്ടൊന്നുമില്ല. പക്ഷേ സാമുദായിക ശക്തികൾക്ക് എത്രനാൾ നിരാഹാരം തുടരാനാവും ? അങ്ങിനെ വീണ്ടും മുക്കിനും മൂലയിലും കോളേജുകൾ വന്നു. പലതിലും വേണ്ടത്ര വിദ്യാർഥികൾ ഇല്ല. പഠനസൗകര്യങ്ങൾ ഇല്ല. ഇതൊക്കെ അവഗണിച്ചുകൊണ്ട് ഇനിയും പുതിയ കോളേജുകൾ. വിദ്യാഭ്യാസരംഗത്തെ ഈ വൻ അഴിമതിക്കെതിരെ ശക്തമായ ബഹുജനമുന്നേറ്റം ആവശ്യമാണ്. □

# എസ്. എൻ. ട്രസ്ററിനു മുമ്പിൽ കൂട്ട ഉപവാസം

സ്ഥലംമാററങ്ങാംക്ക് നിശ്ചിതമാനദണ്ഡങ്ങാം വേണമെന്നും, അതനുസരിച്ചുമാത്രമേ സ്ഥലം മാററങ്ങാം നടത്താവൂ എന്നും ആവശ്യപ്പെട്ടുകൊണ്ട്, കോളേജദ്ധ്യാപകർ എസ്. എൻ. ട്രസ്ററ് ഓഫീസിന് മുമ്പിൽ കൂട്ട ഉപവാസം നടത്തി. ജൂലൈ 30–ാംതീയതി രാവിലെ പത്തുമണിക്കാരംഭിച്ച ഉപവാസ സമരത്തിന് എ കെ പി സി ടി എ പ്രസിഡണ്ട് എൽ. ജി. വർഗീസ്, ജനറൽ സെക്രട്ടറി കെ. സദാശിവൻ നായർ തുടങ്ങിയവർ നേതൃത്വം നൽകി.

കെ. എസ. ടി. എ. യുടെ മുൻ വൈസ്പ്രസിഡണ്ട് ശ്രീ. പി. സോമനാഥൻ സമരം ഉൽഘാടനം ചെയ്തു. അഡ്മിഷൻ, നിയമനങ്ങാം, സ്ഥലം മാററങ്ങാം എന്നിവയ്ക്ക് വ്യക്തമായ നടപടിക്രമങ്ങളും, മാനദണ്ഡങ്ങളും ആവിഷ്ക്കരിക്കേണ്ടത്, അദ്ധ്യാപകരുടെ മാത്രം ആവശ്യമല്ലെന്നും, സമൂഹത്തിൻെറ മൊത്തം ആവശ്യമാണെന്നും അദ്ദേഹം കാര്യകാരണ സഹിതം ചൂണ്ടിക്കാട്ടി. നീതിനടപ്പാക്കാൻ നിയുക്തരായ കമ്മീഷണർമാർ നീതി നിഷേധത്തിലേയ്ക്കു നീങ്ങുന്നത് അപലപനീയമാണെന്ന് അദ്ദേഹം എടുത്തുപറയുകയുണ്ടായി.

ഇരുന്നൂറോളം അദ്ധ്യപകർ പങ്കെടുത്ത ഉപവാസ സമരത്തെ അഭിസംബോധന ചെയ്തുകൊണ്ട്, എൻ. ജി. ഒ. യൂണിയൻ, കെ. ജി. ഒ. എ, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെൻറ് എംപ്ളായീസ് ആൻറ് വർക്കേഴ്സ്, കെ. പി. സി. ഇ. യു. തുടങ്ങിയ സംഘടനകളിലെ പ്രതിനിധികാം സംസാരിച്ചു.

ജൂലൈ 30–ാം തീയതിയിലെ സമരം വെറുമൊരു സൂചന മാത്രമാണെന്നും, കൂടുതൽ കടുത്ത സമരപരിപാടികളുമായി തങ്ങാം വീണ്ടും വരുമെന്നും, അതിനിടയാക്കാതിരിക്കാനുള്ള സൽബുദ്ധി കമ്മീഷണർമാർ കാണിക്കണമെന്നും സമര സഖാക്കളെ അഭിസംബോധന ചെയ്തു സംസാരിച്ച എല്ലാനേതാക്കളും ഏകസ്വരത്തിൽ ആവശ്യപ്പെടുകയുണ്ടായി.

ഉപവാസ സമരം അഞ്ചുമണിക്കവസാനിച്ചു.

കുട്ടമ്പേരൂർ മധുസൂദനൻ

# വികൃതബില്ലിൻെറ ദുരന്തം

കേരള സംസ്ഥാനത്തുള്ള അഫിലിയേററിംഗ് യൂണിവേഴ്സിററികളുടെ വിവിധ സമിതികളിലേക്കുതെരഞ്ഞെടുപ്പു നടത്തുവാൻ തീരുമാനമായിരിക്കുന്നു. ജനാധിപത്യ പ്രക്രിയയിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള ജന സമൂഹത്തിനു സന്തോഷമേകുന്ന ഒരു വാർത്തയാണിത്. അതിശക്തമായ ചെറുത്തുനില്പിൻേറയും, ത്യാഗോജ്ജ്വലമായ പ്രതിഷേധ സമരങ്ങളുടെയും പരിസമാപ്തി ഏതായാലും ശുഭോദർക്കമായിരിക്കുന്നു.

അതെ - അനേകം വർഷങ്ങൾ നീണ്ടുനിന്ന പോരാട്ടങ്ങളുടെ ഫലമായി ഇവിടെ ഉണ്ടായി വന്ന കേരള സർവ്വകലാശാല നിയമം (1974) കോഴിക്കോട് സർവ്വകലാശാല നിയമം (1975) എന്നിവ ഇല്ലായ്മ ചെയ്ത് ജനാധിപത്യ ധ്വംസന പ്രക്രിയയെ മുന്നോട്ടു നയിക്കുവാൻ ശ്രമിച്ച ഇരുട്ടിൻെറ ശക്തികൾ ഒർദ്ധവിരാമത്തിൽ പകച്ചു നിൽക്കുന്നു.

1986 ലെ പുത്തൻ വിദ്യാഭ്യാസനയരേഖയുടെ വികലമായ ഏടുകൾക്കു വേണ്ടത്ര ദുർവ്യാഖ്യാനമേകി പടച്ചുണ്ടാക്കിയ ഒരു വികൃത നിയമാവലിയാണ് ''ഏകീകൃത സർവ്വകലാശാലാ നിയമ''മെന്നപേരിൽ 1993 ജൂലായ് 28നു കേരള നിയമസഭയിൽ അവതരിപ്പിച്ചത്. സഭയ്ക്കകത്തും, പുറത്തും ഉയർന്ന പ്രതിരോധ നീരയുടെ ശക്തിയറിഞ്ഞപ്പോൾ ബിൽ ഇരുപത്തിനാലംഗ സെലക്ട് കമ്മററിയ്ക്കു വിടുകയാണുണ്ടായത്. ഈ ബില്ലിനു ജന്മം കൊടുത്തവർ പറഞ്ഞ ന്യായങ്ങൾ വിചിത്രങ്ങളാണ്. പൊതുപരീക്ഷാകലണ്ടർ ഏർപ്പെടുത്തുവാനും, സർവ്വകലാശാല വിദ്യാഭ്യാസത്തെ സമുദ്ധരിക്കുവാനും ഇങ്ങയെയൊരു. ബിൽ കൂടിയേ തീരുപോലും. മാധുരിഷാകമ്മീഷൻെറ ശുപാർശ പ്രകാരം യു ജി. സിയും ഇങ്ങനെയൊരു ബിൽ വേണമെന്നു ശഠിക്കുന്നുണ്ടത്രെ. 1982 നുശേഷം സ്ഥാപിതമാകുന്ന പുത്തൻ യൂണിവേഴ്സിററികൾക്കു ബാധകമാക്കേണ്ടുന്ന കാര്യങ്ങളാണ് മാധുരിഷാകമ്മീഷൽ ശുപാർശകളിലുള്ളതെന്ന് ഇവർ അറിയുന്നില്ലേ? ഉന്നതവിദ്യാഭ്യാസമേഖലയെ അട്ടിമറിക്കുവാൻ തക്ക രീതിയിൽ നിർദ്ദേശങ്ങളുമായി വന്ന ബില്ലിൻെറ വിശദാംശങ്ങൾ പുറത്തായതോടെ സർക്കാരിൻെറ അടിത്തറ ഇളകുമെന്ന സ്ഥിതി വരെയായി. ഭരണകക്ഷികൾക്കുപോലും തങ്ങളിലുയർന്ന അറപ്പും വെറുപ്പും ഗോപ്യമായി സൂക്ഷിക്കുവാൻ കഴിയാതെ പോയി. അങ്ങനെ ആർക്കും വേണ്ടാത്തൊരു പരിഷ്ക്കാര ബിൽ ഇന്നെവിടെയാണെന്നു പറയുവാൻ തന്നെ അധികാരികൾ ലജ്ജിക്കുന്നു.

പ്രസ്തുത ഏകീകൃത ബില്ലിലെ വ്യവസ്ഥകൾ തികച്ചും ജനാധിപത്യ വിരുദ്ധങ്ങളാണ്. കോളേജുകൾക്കു സ്വയംഭരണം വിഭാവനം ചെയ്യുമ്പോൾ സർവ്വകലാശാലകൾക്കു സ്വയംഭരണ യോഗ്യതില്ല. സർവ്വകലാശാലകൾ വെറും സർക്കാർ ഡിപ്പാർട്ടുമെൻറുകൾ മാത്രം. പ്രോചാൻസലർ എന്ന പേരിൽ വിദ്യാഭ്യാസ മന്ത്രി വൈസ് ചാൻസിലർ എന്ന കീഴുദ്യോഗസ്ഥനെ നിയന്ത്രിക്കുന്നു. വി.സി. സർക്കാർ നോമിനിയാണല്ലൊ. ഈ നോമിനിക്ക് അമിതാധികാര ശക്തി നൽകിയിട്ടുണ്ട്. പരമാധികാര സഭയായ സെനററ് ഒരു ഡിബേററിംഗ് ഫോറം മാത്രം. നിർവ്വാഹകസമിതിയായ സിണ്ടിക്കേററ് വിസിയുടെ സെക്രട്ടേറിയററായി അധ:പതിക്കുന്നു. അക്കാദമിക് കൗൺസിലിന് നോക്കുകുത്തിയുടെ സ്ഥാനമാണ് കനി

ഞ്ഞുനൽകിയിരിക്കുന്നത്. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കാണ് സമിതികളിൽ മുൻതൂക്കം. അവരുടെ പ്രതിബദ്ധത സ്വാഭാവികമായും സമൂഹത്തോടല്ല, തങ്ങളുടെ 'യജമാനൻ'മാരോടാണ്. സർവ്വകലാശാല സംവിധാനത്തിന്റെ 'പിരമിഡ്' ഘടനാപരമായി തലതിരിച്ചു വയ്ക്കുന്ന ഒരു നിയമ നിർമ്മാണം തന്നെയാകുമായിരുന്നിത്. അധികാര കേന്ദ്രീകരണ വാഞ്ഛ ഉന്മാദത്തിലെത്തിക്കുമെന്നതിന് മകുടോദാഹരണമാണ് 'ഏകീകൃത നിയമ' നിർമ്മാണത്തിൽ ദർശിക്കുന്നത്.

കേന്ദ്ര സർവ്വകലാശാലകൾ ഉൾപ്പടെ ഭാരതത്തിൽ 198 സർവ്വകലാശാലകളുണ്ട്. അവയുടെ സുഗമമായ നടത്തിപ്പിന് ഒരു ഏകീകൃത നിയമം വേണമെന്നു നാളെ ഭരണാധികാരികൾക്കു തോന്നിയാലോ? തലസ്ഥാനത്തു ഒരു സർവ്വകലാശാല രാജ്യത്തുള്ള മററു യൂണിവേഴ്സിററികൾ ശാഖകളായി പ്രവർത്തിക്കുക, ഏകദേശം തപാലാഫീസുകൾ പോലെ! എന്താരസം തോന്നുന്നില്ലേ? വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കുവാനും, വാണിജ്യ വൽക്കരിക്കുവാനും യത്നിക്കുന്നവർ ഇങ്ങനെയൊക്കെ ചിന്തിച്ചുകൂടായ്കയില്ല. സർക്കാർ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നു അൺ എയ്ഡഡ് സ്കൂളുകൾ വർഷം തോറും അനുവദിക്കുന്നു. 1994 ആഗസ്ററ് 2ന കൂടിയ കേരളമന്ത്രിസഭായോഗം അൺ എയിഡഡ് കോളജുകൾ അനുവദിക്കുവാനും തീരുമാനമെടുത്തു. ഇതിൽ വരവേയുള്ളു! ചെലവില്ല!! സമ്പത്തുള്ളവർക്കു മാത്രം മതിയല്ലോ വിദ്യാഭ്യാസം. 'മഹാത്മജിയുടെ ദരിദ്രനാരായണന്മാർ അലവലാതികളാണ്.' അവർ പോയി തുലയട്ടെ. ഇതാണു ഭരണവർഗ്ഗത്തിന്റെ പുത്തൻ വിദ്യാഭ്യാസ ദർശനം. ഐ.എം.എഫിന്റെ കടക്കെണിയിൽ വീണു കിടന്ന് ഊർദ്ധശ്വാസം വലിക്കുന്നവർക്കു മററൊന്നും കാണുവാൻ കെല്പുണ്ടാവില്ല.

1966 ൽ ശ്രീലങ്കയിൽ രാജ്യത്താകമാനം ബാധകമാകുന്ന രീതിയിൽ ഒരു ഏകീകൃത സർവ്വകലാശാലാനിയമം (Universities Act No 20 1966) കൊണ്ടുവന്നതാണ്. ഒരു വ്യാഴവട്ടക്കാലം നടന്ന ജനകീയ സമരങ്ങളുടെ വേലിയേററത്തിൽ ആ നിയമം പിൻവലിക്കേണ്ടിവന്നു. പകരം Universities Act No 16, 1978 എന്ന നിയമം പാസ്സാക്കുവാൻ ശ്രീലങ്കൻ പാർലമെൻറ് നിർബന്ധിതമായി. ഈ പാഠം നമ്മുടെ ഭരണാധികാരികൾ ഉൾക്കൊള്ളേണ്ടതാണ്.

'ദി കേരളായൂണിവേഴ്സിററീസ് ആക്ട്' 1993 ഇന്നു കോൾഡ് സ്റേറാറേജിലാണ്. പക്ഷേ, ഇതിൽ അമിത സന്തോഷത്തിനവകാശമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രന്ഥശാലാ പ്രസ്ഥാനം, സഹകരണ സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ജനാധിപത്യമര്യാദകളെ ലംഘിച്ചുകൊണ്ട് പാസാക്കിയെടുത്തത് നാം കണ്ടതാണ്. ഈ ഭരണാധിപന്മാർ ജനാധിപത്യ ആരാച്ചാർവേഷം അഴിച്ചുവെക്കുമെന്നു കരുതുന്നത് അബദ്ധമാവും.

കോത്താരി മുതൽ മാൽക്കം ആദിശേഷയ്യ വരെയുള്ള കമ്മീഷനുകൾ നൽകുന്ന സദ്ഭാവനകളെ ഉൾക്കൊണ്ടു നിലവിലുള്ള നിയമത്തിലെ അപാകതകൾ പരിഹരിക്കുവാൻ യത്നിക്കുകയും, 'സാധാരണ ഇന്ത്യൻ പൗരന്റെ അവകാശമാണു വിദ്യാഭ്യാസം എന്നു സ്ഥാപിക്കുകയും വേണം. സർവ്വകലാശാലാ സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പിനെ മേൽപ്പറഞ്ഞ സാഹചര്യത്തിൽ വേണം നാം സമീപിക്കേണ്ടത്. മാത്രമല്ല, ഇതൊരു ചരിത്ര നിയോഗം കൂടിയാകുമെന്ന് ധരിക്കുവാൻ അദ്ധ്യാപക സമൂഹം മടിക്കേണ്ടതില്ല.

□


## ജേർണൽ വരിസംഖ്യ മാനേജിംഗ് എഡിററർക്ക് അയയ്ക്കുക

വിലാസം: A. Prathapachandran Nair
Kuravattam, Paruthippally P. O.
Thiruvananthapuram, Pin: 695574

# Refresher / Orientation Programmes 1994–'95

T. N. Manoharan

University Grants Commission has identified different Universities/Colleges Institutions for organising Orientation/Refresher Courses under career Advancement Scheme for 1994-'95. 85–90 per cent of teachers will be enrolled from the cattchment area of the Academic Staff College and 10-15 percent of teachers can be invited from any University/College/Institution on All India basis. The teachers selected for the programme are to be treated as on duty with full pay and allowances. The teacher attending the course may submit his/her application in the prescribed form duly recommended by the Principal / Director / Registrar of the concerned Univeisity / College / institution, to the University where the course is being conducted. For further enquiries the concerned University or the institution wher the course is being organised may be contacted.

## REFRESHER PROGAMMES

| Name of the Universities/ Institution / Colleges | Proposed Schedule for 1994–'95 | Catchment Area, (Region) |
|---|---|---|
| **BOTANY** | | |
| Kerala, Thiruvananthapuram | 16-11-'94 to 07-12-'94 | Kerala State |
| **CHEMISTRY** | | |
| Cochin University | 03-11-'94 to 25-11-'94<br>03-01-'95 to 25-01-'95 | Colleges in Ernakulam. Trichur, Palghat Districts and Colleges affiliated to Calicut University |
| Kerala, Thiruvananthapuram | 09-08-'94 to 30-08-'94<br>27-12-'94 to 17-01-'95 | Colleges in Ernakulam, Kottayam, Quilon Districts and South Kerala |

BIO-CHEMISTRY

| | | |
|---|---|---|
| Avinashilingam Institute for Home Science and Higher Education for women, Coimbatore | 25-07-'94 to 21-08'94 | Tamil Nadu and Kerala |
| Nagarjuna University | 15-11-'94 to 15-12-'94<br>02-01-'95 to 22-01-'95<br>01-03-'95 to 21-03-'95 | South India |

COMPUTER SCIENCE

| | | |
|---|---|---|
| Cochin University | 03-11-'94 to 25-11-'94 | Tamil Nadu & Kerala |

GEOLOGY

| | | |
|---|---|---|
| Banglore | November 1994 | Karnataka & Kerala |

GEOGRAPHY/EARTH SCIENCE

| | | |
|---|---|---|
| Madurai Kamaraj University | 08-02-'95 to 28-02-'95 | Tamil Nadu & Kerala |

HOME SCIENCE

| | | |
|---|---|---|
| Avinashiligam institute Coimbatore | 24-08-94 to 20-09-'94 | Tamil Nadu & Kerala |

LIFE SCIENCE/MICRO-BIOLOGY/BIOLOGY/BIO-SCIENCES

| | | |
|---|---|---|
| Pondichery University | 08.11-'94 to 28-11-'94-<br>04-01-'95 to 24-01-'95 | Southern Tamil Nadu and Kerala |

MATHEMATICS

| | | |
|---|---|---|
| Calicut University | 31-03-'95 to 21-04-'95 | Colleges affiliated to Calicut and Mahatma Gandhi Universities |
| Cochin University | 26-09-'94 to 22-10-94<br>05-12-'94 to 30-12-'94 | Colleges affiliated to Kerala and Cochin Universities |

PHYSICS

| | | |
|---|---|---|
| Calicut University | 22-11-'94 to 13-12-'94 | North Kerala & Colleges affiliated to Calicut University |
| Kerala, Thiruvanantha puram | 18-10-'94 to 08-11-'94 | Colleges affiliated to Kerala University |
| Cochin University | October '94<br>February '95 | Southern Kerala and Colleges affiliated to Mahatma Gandhi University |

| | | |
|---|---|---|
| STATISTICS | | |
| Cochin University | 03-11-'94 to 26-11-'94<br>02-01-'95 to 25-01-'95<br>01-03-'95 to 28-03-'95 | Kerala |
| ZOOLOGY | | |
| Calicut University | 09-09-'94 to 11-10-'94 | Colleges affiliated to Calicut and Cochin Universities |
| | 24-01-'95 to 14-02-'95 | Colleges affiliated to Kerala and Mahatma Gandhi Universities |
| ANTHROPOLOGY | | |
| Dr. H. S. Gour University | 22-08-'94 to 11-09-'94 | M. P, U. P. Tamil Nadu. Rerala, Karnataka, Andhra |
| ENGLISH | | |
| Calicut University | 30-11-'94 to 21 12-'94<br>31-03-'95 to 21-04-'95 | Kerala |
| ECONOMICS | | |
| Kerala University Thiruvananthapuram | 20-09-'94 to 11-10-'94<br>01-03-'95 to 22-03-'95 | Kerala |
| HISTORY | | |
| Calicut University | 11-08-'94 to 01-09-'94 | Tamil Nadu & Kerala |
| HINDI | | |
| Calicut University | 17-10-'94 to 07-11-'94 | Pondichery & Kerala |
| LIBRARY & INFORMATION SCIENCE | | |
| Mysore University | 14-11-'94 to 10-12-'94<br>06-03-'95 to 31-03--'95 | Tamil Nadu, Katnataka, Andhra & Kerala |
| PHYSICAL EDUCATION | | |
| Lakshmi Bai National College of Physical Education | 08-08-'94 to 27-08-'94<br>19-09-'94 to 08-10-'94<br>12-12-94 to 31-12-'94<br>10-01-'95 to 24-01-'95 | All India |
| POLITICAL SCIENCE | | |
| Hyderabad | 30-01-'95 to 25-02-'95 | Tamil Nadu, Karnataka Andhra & Kerala |
| PHILOSOPHY | | |
| Madras | 30-01-'95 to 22-02-'95 | T. Nadu, Andhra, Karnataka & Kerala |

| | | |
|---|---|---|
| SOCIOLOGY | | |
| Madras | 13-09-'94 to 05-10-'94 | T. Nadu, Karnataka, Andhra, Pondicherry end Kerala |
| SANSKRIT | | |
| Tirupati | 03-10-'94 to 22-10-'94 | Karnataka, Andhra. Kerala |
| ORIENTATION HROGRAMMES | | |
| Calicute University Calicut | 13-07-'94 to 19-08-'94<br>27-12-'94 to 23-01-'95<br>08-03-'95 to 04-04-'95 | — |
| Kerala University Thiruvananthapuram | 10-08-'94 to 06-09-'94<br>15-11-'94 to 12-12-'94<br>23-01-'95 to 19-02-'95 | — |


*With best compliments from:*

**M. John Koshy M. Sc.**



**CHIEF REPRESENTATIVE**
**UNIT TRUST OF INDIA**
Kottayam District

"Gokulam", Vadakkenada
Kottayam-686 001
Phones: Off: 567379 Res: 567339

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

# സർവകലാശാലാ പരിഷ്കാരങ്ങൾ ചില പ്രാഥമിക നിരീക്ഷണങ്ങൾ

കെ. എൻ. ഗണേഷ്

സർവകലാശാലകൾ സ്ഥാപിക്കപ്പെടുന്നത് ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആസൂത്രണ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലുമല്ല, പ്രാദേശിക വികാരങ്ങളുടെ അടിസ്ഥാനത്തിലാണ്. കോട്ടയത്ത് സർവകലാശാല വന്നത് പ്രാദേശിക സമ്മർദ്ദം കൊണ്ടാണ്. പിന്നീട് മാത്രമാണ് അവിടെ എന്തു ചെയ്യാമെന്നാലോചിച്ചത്.

മലബാർ സർവകലാശാലയുടെ സ്ഥിതിയും വ്യത്യസ്തമല്ല. വടക്കൻ മലബാറിലെ ജനങ്ങളുടെ പ്രാദേശിക വികാരങ്ങൾ ഇളക്കിവിടുന്നതിൽ രാഷ്ട്രീയ ശക്തികൾക്കും പത്രമാധ്യമങ്ങൾക്കുമൊക്കെ പങ്കുണ്ടായിരുന്നു. നാട്ടിൽ ഒരു പോസ്റ്റ് ആപ്പീസിനു വേണ്ടി ചോദിക്കുന്ന ലാഘവത്തോടെ സർവകലാശാലക്കുവേണ്ടി വാദിക്കുന്നവരെയും കാണാം. പ്രാദേശികത കൂടാതെ, വിഭാഗീയതയും വർഗീയതയും ഇന്ന് സർവകലാശാലാ വാദങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. കാലടി സർവകലാശാല നിലവിൽവന്നതും അറബിക് മുതലായ സർവകലാശാലകൾക്കുള്ള ആവശ്യങ്ങൾ ഉയരുന്നതും ഇത്തരം ശക്തികളുടെ പ്രവർത്തന ഫലമാണ്.

പഴയതും പുതിയതുമായ സർവകലാശാലകളും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധമെന്തെന്ന് കൂടുതൽ ആഴത്തിൽ പരിശോധിക്കേണ്ടതാണ്. സർവകലാശാലകൾതന്നെ എന്തിനാണ്? എല്ലാ കോളേജുകൾക്കും പരീക്ഷ നടത്താനും ഫലം പ്രസിദ്ധീകരിക്കാനുമുള്ള കേന്ദ്രീകൃത സംവിധാനം പോരെ? കോളേജുകൾ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്യേണ്ട എന്ന വാദം ഇന്നു ശക്തമാണ്. അഫലിയേറ്റ് ചെയ്യുന്നവയുടെ എണ്ണം വെട്ടിക്കുറക്കണമെന്ന് ഇന്ന് അംഗീകരിക്കപ്പെട്ട സ്ഥിതിയുണ്ട്. സ്വയംഭരണകോളേജുകൾ, സ്വാശ്രയ കോളേജുകൾ മുതലായവകൂടി നിലവിൽ വരുമ്പോൾ സർവകലാശാലകളുടെ സ്ഥാനം സുപ്രധാനമാകും.

ആഗോള തലത്തിലും ഇന്ത്യക്കകത്തുപോലും സർവകലാശാലകളുടെ ഘടനയ്ക്ക് ഏകരൂപ്യം കാണാനാവില്ല. ഇന്ത്യയിൽ തന്നെ അഫിലിയേററിങ്ങ് സർവകലാശാലകളുണ്ട്, ദില്ലി സർവകലാശാലപോലെ കോൺസ്ററിറ്റ്യൂവൻറ് കോളേജുകളടങ്ങുന്ന ഫെഡറൽ സ്വഭാവമുള്ള സർവകലാശാലകളുണ്ട് ജെ എൻ യുവും ഹൈദരാബാദ് സർവകലാശാലയും പോലെ ഏകീകൃത സ്വഭാവമുള്ള സർവകലാശാലകളുണ്ട്. പ്രത്യേക വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ള കാർഷിക സർവകലാശാലകൾ, സാങ്കേതിക സർവകലാശാലകൾ, സ്ത്രീ പഠന സർവകലാശാലകൾ മുതലായവയുമുണ്ട്. സർവകലാശാലകളുടെ വലിപ്പവും അഫിലിയേററ് ചെയ്യപ്പെടുന്ന കോളേജുകളുടെ എണ്ണവും പലവിധമാണ്. ബാംഗ്ളൂർ സർവകലാശാലയിൽ ഇപ്പോൾ തന്നെ 274 കോളേജുകളുണ്ട്, ഇനിയും 30 എണ്ണം കൂടെ വരും. ബോംബെ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളുടെ എണ്ണം 150-ഓളമാണ്. വളരെ ചുരുങ്ങിയ കോളേജുകൾ മാത്രം അഫിലിയേററ്ചെയ്ത സർവകലാശാലകളുമുണ്ട്. അക്കാദമികവും സാമൂഹ്യവുമായ നിരവധി ആവശ്യങ്ങളാണ് ഇതയും വൈവിധ്യം ഉണ്ടാക്കാൻ കാരണമായത്.

ഈ ആവശ്യങ്ങളെയും സമ്മർദ്ദങ്ങളെയും അവഗണിച്ചുകൊണ്ട് എല്ലാ സർവകലാശാലകളും ഒരുപോലെയാകണമെന്ന് നിഷ്കർഷിക്കാൻ സാധ്യമല്ല.

യാന്ത്രികമായ ഏകീകരണം സാധ്യമല്ലാത്തതുപോലെ, തന്നിഷ്ടപ്രകാരം സർവകലാശാലകൾ സൃഷ്ടിക്കുന്നതും ശരിയല്ല. ലാഭാധിഷ്ഠിതമായ സമൂഹവ്യവസ്ഥയിൽ വിദ്യാഭ്യാസമുൾപ്പെടെ എല്ലാം വിൽപ്പന ചരക്കുകളാക്കാം. എന്തെല്ലാം വിൽപ്പനച്ചരക്കുകളാക്കാമെന്ന് തീരുമാനിക്കേണ്ടത് സമൂഹത്തെ നിയന്ത്രിക്കേണ്ട മൂല്യസംഹിതകളാണ്. സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും ജനാധിപത്യത്തിന്റെയും മൂല്യസംഹിതകൾ ലാഭാധിഷ്ഠിത സമൂഹത്തെപ്പോലും നിയന്ത്രിക്കേണ്ടവയാണ്. ഇവയെല്ലാം വളർത്തിയെടുക്കേണ്ട പ്രധാന മേഖല നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. വിദ്യാഭ്യാസം വാണിജ്യവൽക്കരിക്കപ്പെടുകയെന്നാൽ നമ്മുടെ സമൂഹത്തെ നിർണയിച്ചിരുന്ന മൂല്യസംഹിതകൾ കച്ചവടച്ചരക്കായി മാറുകയെന്നാണർത്ഥം.

ഇന്ത്യയിലെ സർവകലാശാലാ പരിഷ്കാരങ്ങൾക്ക് മറ്റൊരു പ്രത്യേകതയുമുണ്ട്. വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണത്തിന് അനുകൂലസാഹചര്യങ്ങൾ ഒരുക്കുന്നത് ഭരണകൂടംതന്നെയാണ്. മറ്റേത് സ്വകാര്യ വ്യവസായിയെക്കാളുപരി സർവകലാശാലകളിലെ കോഴ്സുകളെയും ഗവേഷണത്തെപ്പോലും കച്ചവടവൽക്കരിക്കാൻ മുൻകയ്യെടുക്കുന്നത് ഗവർമെണ്ട്തന്നെ സെൽഫ് ഫൈനാൻസിങ്ങ് കോളേജുകളും കോഴ്സുകളും അനുവദിക്കുക, പ്രഫഷണൽ കോളേജുകളിൽ പേയ്മെന്റ് സീറ്റുകൾ ഏർപ്പെടുത്തുക, കച്ചവടസ്വഭാവമുള്ള ടെക്നിക്കൽ കോഴ്സുകൾ എല്ലാ സർവകലാശാലയിലും ആരംഭിക്കാൻ നിർദേശിക്കുകയും അതിനുള്ള സിലബസ്പോലും കേന്ദ്രീകൃതമായി തീരുമാനിക്കുകയുംചെയ്യുക, സർവകലാശാലകളുടെ നിയന്ത്രണത്തിൽ സ്വകാര്യ വ്യവസായികൾക്ക് നിർണായക പ്രാതിനിധ്യം നൽകുക മുതലായവ ഇത്തരം നടപടികളിൽ പെടുന്നു. സർവകലാശാലകൾക്കുള്ള ഫൈനാൻസിംഗ് വെട്ടിക്കുറക്കുകയോ, ആവശ്യത്തിനനുസരിച്ച് വർധിപ്പിക്കാതിരിക്കുകയോചെയ്യുന്നത് മറ്റു ധനാഗമമാർഗങ്ങൾ തേടിപ്പോകാൻ സർവകലാശാലകളെ പ്രേരിപ്പിക്കുന്നു. ഫൈനാൻസിങ്ങ് നിഷേധിക്കുക, സർവകലാശാലകളെ മൂക്കുകയറിട്ട് പിടിക്കാനും കച്ചവടവൽക്കരണത്തിനനുകൂലമല്ലാത്ത സർവകലാശാലകളുണ്ടെങ്കിൽ അവയെ വരച്ചവരയിൽ നിർത്താനും ഫലപ്രദമായ മാർഗമാണ്.

ജനസാമാന്യത്തിന് വിജ്ഞാനം അപ്രാപ്യമായിരുന്ന സാഹചര്യത്തിൽ വളർന്നുവന്ന വിജ്ഞാനകേന്ദ്രങ്ങൾ ആണ് സർവകലാശാലകൾ. പ്രശസ്ത പണ്ഡിതൻമാർമാത്രം പഠിപ്പിച്ചിരുന്ന ഈ സ്ഥാപനങ്ങളിൽ വിജ്ഞാനകുതുകികളായ ആളുകൾ മാത്രമാണ് പോയിരുന്നത്. പലപ്പോഴും ബഹുദൂരം താണ്ടി സർവകലാശാലകളിൽ വിജ്ഞാനം നേടി തിരിച്ചെത്തുക എന്നതുതന്നെ സാഹസികതയായിരുന്നു. ഇന്നത്തെ പാക്കിസ്ഥാനിൽ കിടക്കുന്ന തക്ഷശിലയിൽ കിഴക്കേ ഇന്ത്യയിലെ വിദ്യാർത്ഥികൾ പോയി പഠിച്ച് തിരിച്ചുവന്നതിന്റെ കഥകളുണ്ട്. നളന്ദക്കും വിക്രമശിലക്കും ചൈനയിലെ ബുദ്ധമതവിഹാരങ്ങൾക്കും ഇത്തരത്തിലുള്ള സ്ഥാനമുണ്ടായിരുന്നു. മദ്ധ്യകാല യൂറോപ്പിലെ ഓക്സ്ഫോർഡ്, സോർബോൺ മുതലായ സർവകലാശാലകൾക്കും ഇതേ സ്ഥാനമാണുണ്ടായിരുന്നത്.

